©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4 / Vol. IV | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2015 ജനുവരി 13 / 13th January 2015 / 1190 ധനു 29 / 29th Dhanu 1190 / 1936 പൌഷം 23 / 23rd Pousha 1936 | നമ്പർ / No. 88 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 02/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ജനുവരി 8. 1190 ധനു 24.*

**എസ്. ആർ. ഒ. നമ്പർ 25/2015.**—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 6-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2007 മാർച്ച് മാസം 24-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും, 2007 മാർച്ച് 24-ാം തീയതിയിലെ 582-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡയറക്ടർമാരായി 28-12-2014-ന് മൂന്ന് വർഷകാലാവധി പൂർത്തിയാക്കിയ ശ്രീ. തോമസ് ചാഴികാടൻ, എക്സ്-എം. എൽ. എ., ചാഴിക്കാട്ട്, എസ്. എച്ച്. മൗണ്ട് പി. ഒ., കോട്ടയം, ശ്രീ. വി. ജെ. ജോസഫ്,

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/183/2015/S-29.

ജെ.എൻ.ഡബ്ല്യു.എ., സി-94, ജവഹർ നഗർ, കവടിയാർ പി. ഒ., തിരുവനന്തപുരം എന്നിവരെ തൊഴിലാളി പ്രതിനിധികളായും ശ്രീ. സണ്ണി പി. ജോസഫ്, ആലപ്പാട്ട് പാലത്തിങ്കൽ, റ്റി. സി. 11/1415/1, ക്ലിഫ്ഹൗസ് റോഡ്, നന്തൻകോട്, തിരുവനന്തപുരം, ശ്രീ. കെ. മധുസൂദനൻ, കൃഷ്ണ കൃപ, റ്റി. സി. 37/547-1, ഇ.ആർ.എ.-42, പാൽക്കുളങ്ങര, തിരുവനന്തപുരം എന്നിവരെ തൊഴിലുടമാ പ്രതിനിധികളുമായി നിലനിർത്തിയും തൊഴിലുടമാ പ്രതിനിധികളായ ശ്രീ. കായിക്കര നസീർ, കൈതവരം ബംഗ്ലാവ്, കാൻകത്തുമുക്ക്, കൊല്ലം, ശ്രീ. പി. സി. ചെറിയാൻ, പാലത്ര ഫാഷൻ ജൂവലേഴ്സ്, കൊച്ചി-5 എന്നിവർക്ക് പകരം ശ്രീ. ജി. വേണുഗോപാൽ, സൗപർണ്ണിക, വടകോട് പൊന്നമത്ത് വീട്, ഡീസന്റ് ജംഗ്ഷൻ പി. ഒ., കൊല്ലം, ശ്രീ. എം. ജബ്ബാർ, മഹമ്മൂദ് സ്റ്റോഴ്സ്, ക്ലോത്ത് ബസാർ റോഡ്, കൊച്ചി എന്നിവരെ തൊഴിലുടമാ പ്രതിനിധികളായി നിയമിച്ചുകൊണ്ടും സർക്കാർ പ്രതിനിധിയായ ശ്രീ. വി. എൻ. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം നിലനിർത്തിക്കൊണ്ടും 30-9-2014-ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പി. ജി. തോമസ്, ഐ. എ. എസ്.-ന് പകരം ഡോ. ജി. എൽ. മുരളീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.), തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ.), തിരുവനന്തപുരം സർക്കാർ പ്രതിനിധിയായി നിയമിച്ചുകൊണ്ടും പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

## ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,—

(i) "I. തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, താഴെപ്പറയുന്ന ക്രമനമ്പരുകളും ഉള്ളടക്കങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

4. "ശ്രീ. തോമസ് ചാഴികാടൻ, എക്സ്-എം.എൽ.എ.,
'ചാഴിക്കാട്ട്', എസ്. എച്ച്. മൗണ്ട് പി. ഒ.,
കോട്ടയം-686 606.

5. ശ്രീ. വി. ജെ. ജോസഫ്,
ജെ.എൻ.ഡബ്ല്യു.എ., സി-94,
ജവഹർ നഗർ, കവടിയാർ പി. ഒ.,
തിരുവനന്തപുരം."

(ii) "II. തൊഴിലുടമാ പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, താഴെ പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

2. "ശ്രീ. സണ്ണി പി. ജോസഫ്,
ആലപ്പാട്ട് പാലത്തിങ്കൽ,
റ്റി. സി. 11/1415/1, ക്ലിഫ് ഹൗസ് റോഡ്,
നന്തൻകോട്, തിരുവനന്തപുരം-695 003.

3. ശ്രീ. ജി. വേണുഗോപാൽ,
'സൗപർണ്ണിക',
വടകോട് പൊന്നമത്ത് വീട്, ഡീസന്റ് ജംഗ്ഷൻ പി. ഒ.,
കൊല്ലം-691 577.

4. ശ്രീ. കെ. മധുസൂദനൻ,
'കൃഷ്ണ കൃപ', റ്റി. സി. 37/547-1,
ഇ.ആർ.എ.-42, പാൽക്കുളങ്ങര,
തിരുവനന്തപുരം-695 088.

5. ശ്രീ. എം. ജബ്ബാർ,
മഹമ്മൂദ് സ്റ്റോഴ്സ്, ക്ലോത്ത് ബസാർ റോഡ്,
കൊച്ചി-682 031";

(iii) "III. സർക്കാർ പ്രതിനിധികൾ" എന്ന ശീർഷകത്തിൻകീഴിൽ, താഴെ പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

2. "ഡോ. ജി. എൽ. മുരളീധരൻ,
അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.),
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി. ഒ.),
തിരുവനന്തപുരം.

3. ശ്രീ വി. എൻ. രാധാകൃഷ്ണൻ,
ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം."

പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. തോമസ് ചാഴികാടൻ, എക്സ്-എം. എൽ. എ., ചാഴിക്കാട്ട്, എസ്.എച്ച്. മൗണ്ട് പി. ഒ., കോട്ടയം-നെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 37/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് മാസം 24-ാം തീയതിയിലെ 582-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 280/2007 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം രൂപീകരിച്ച കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളി പ്രതിനിധികളായ ശ്രീ. തോമസ് ചാഴികാടൻ, എക്സ്-എം. എൽ. എ., ശ്രീ. വി. ജെ. ജോസഫ്, തൊഴിലുടമാ പ്രതിനിധികളായ ശ്രീ. സണ്ണി പി. ജോസഫ്, ശ്രീ. കെ. മധുസൂദനൻ, സർക്കാർ പ്രതിനിധിയായ ശ്രീ. വി. എൻ. രാധാകൃഷ്ണൻ എന്നിവർ 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുശാസിക്കുന്ന മൂന്നുവർഷ കാലാവധി 28-12-2014-ൽ പൂർത്തിയാക്കിയതിനാൽ ഇവരെ ഡയറക്ടർമാരായി വീണ്ടും ഉൾപ്പെടുത്തുന്നതിനും തൊഴിലുടമാ പ്രതിനിധിയായിരുന്ന ശ്രീ. കായിക്കര നസീർ, ശ്രീ. പി. സി. ചെറിയാൻ എന്നിവർക്ക് പകരം യഥാക്രമം ശ്രീ. ജി. വേണുഗോപാൽ, ശ്രീ. എം. ജബ്ബാർ എന്നിവരെ തൊഴിലുടമാ പ്രതിനിധികളായും 30-9-2014-ന് സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ പ്രതിനിധിയായ ശ്രീ. പി. ജി. തോമസ്, ഐ.എ.എസ്.-ന് പകരം ഡോ. ജി. എൽ. മുരളീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.), തൊഴിൽ ഭവൻ, വികാസ് ഭവൻ (പി. ഒ.), തിരുവനന്തപുരം എന്നിവരെ സർക്കാർ പ്രതിനിധികളായും നാമനിർദ്ദേശം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

---